"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - **2025-2026** അധ്യയന വർഷത്തെ ഹയർ സെക്കന്ററി മേഖലയിലെ വിദ്യാഭ്യാസ ആവശ്യകത സംബന്ധിച്ച സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(സാധാ) നം.2209/2025/GEDN തീയതി,തിരുവനന്തപുരം, 25-03-2025

---

പരാമർശം:-

1. **05-04-2016** ലെ ജി.ഒ (കൈ)നം.**75/2016**/പൊ.വി.വ നമ്പർ ഉത്തരവ്
2. **16-07-2024** ലെ സ.ഉ.(കൈ)നം. **86/2024**/പൊ.വി.വ നമ്പർ ഉത്തരവ്
3. ബഹു. ഹൈക്കോടതിയുടെ കോടതിയലക്ഷ്യ കേസ് നം. **1745/2024** മുതൽ കേസുകളിലെ **14-08-2024** ലെ ഉത്തരവ്
4. **30-10-2024** ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എസി.ഡി.സി3/**14929/2024**/എച്ച്.എസ്.ഇ നമ്പർ കത്ത്.

**ഉത്തരവ്**

ഓരോ വർഷവും സംസ്ഥാനത്തെ വിവിധ ജില്ലകളിലെ ഹയർസെക്കന്ററി മേഖലയിലെ വിദ്യാഭ്യാസ ആവശ്യകത പരിശോധിച്ച് റിപ്പോർട്ട് സമർ പ്പിക്കുന്നതിനായി പരാമർശം **(1)** പ്രകാരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ കൺവീനറായിട്ടുള്ള ജില്ലാതല കമ്മിറ്റി, പൊതു വിദ്യാഭ്യാസ ഡയറക്ടർ അധ്യക്ഷനായ സംസ്ഥാനതല കമ്മിറ്റി എന്നിങ്ങനെ രണ്ട് തലത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവായിരുന്നു.ബഹു. കോടതിയുടെ പരാമർശം **(3)** ഉത്തരവിന്റെയും അനുബന്ധ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ **2025-26** വർഷത്തെ ഹയർ സെക്കൻഡറി മേഖലയിലെ വിദ്യാഭ്യാസ ആവശ്യകത സംബന്ധിച്ച് ആർ.ഡി.ഡിമാരുടെ അധ്യക്ഷതയിലുള്ള റീജിയണൽ ലെവൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സംസ്ഥാനതല കമ്മിറ്റി പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സംസ്ഥാനതല സമിതി

റിപ്പോർട്ട്, **30.10.2024**-ന് കോടതി നിശ്ചയിച്ച സമയക്രമം പാലിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം **(4)** പ്രകാരം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് .

**2.**വിവിധ ജില്ലകളിലെ വിദ്യാഭ്യാസ ആവശ്യകത സംബന്ധിച്ച് പരിശോധിച്ച ശേഷം ജില്ലാതല സമിതികൾ സമർപ്പിച്ച റിപ്പോർട്ടിലെ വിവരങ്ങൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു:

**i)** തിരുവനന്തപുരം മേഖലാ ഉപമേധാവിയുടെ അധ്യക്ഷതയിലുള്ള **2025-26** വർഷത്തെ റീജിയണൽ ലെവൽ കമ്മിറ്റി റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം,കൊല്ലം ജില്ലകളിലെ നിലവിലുള്ള പ്ലസ് വൺ സീറ്റുകളുടെ എണ്ണവും (2025-2026) നിലവിൽ 10-ാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടെ എണ്ണവും കണക്കാക്കിയാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.തിരുവനന്തപുരം,കൊല്ലം ജില്ലകളിലെ വിവിധ ഹയർ സെക്കന്ററി സ്കൂളുകളിൽ നിന്നും അഡീഷണൽ ബാച്ചുകൾ അനുവദിക്കുന്നതിനായി നിരവധി അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. എന്നാൽ നിലവിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ആകെ പതിനായിരത്തിലധികം പ്ലസ് വൺ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതിനാൽ പ്രസ്തുത അപേക്ഷകളിൽ ശുപാർശ ചെയ്യാൻ നിർവ്വാഹമില്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ഹയർ സെക്കന്ററി സ്കൂളുകളിലെ കുട്ടികൾ കുറവായ ബാച്ചുകൾ മലബാർ ഭാഗത്തേക്ക് ഷിഫ്റ്റ് ചെയ്തിട്ടുള്ള സാഹചര്യം കഴിഞ്ഞ വർഷങ്ങളിൽ നിലവിലുണ്ട്.

**ii).** പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ നിന്നും നിലവിൽ പുതിയ ബാച്ചിനുള്ള ശിപാർശകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. മേൽ ജില്ലകളിലായി പ്ലസ് വണ്ണിൽ **39022**-ഓളം സീറ്റുകൾ അനുവദിച്ചിട്ടുണ്ട്. ആയതിൽ രണ്ടു ജില്ലകളിലായി **8000**-ഓളം സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതായും അറിയിച്ചിരിക്കുന്നു. ആയതിനാൽ അധിക വിദ്യാഭ്യാസ പഠന സൗകര്യം ജില്ലയിൽ **2025-26** അധ്യയന വർഷത്തേക്ക് ശുപാർശ ചെയ്യേണ്ടതില്ലെന്ന് ചെങ്ങന്നൂർ മേഖലാ ഉപമേധാവിയുടെ കീഴിലുള്ള റീജിയണൽ ലെവൽ കമ്മിറ്റി തീരുമാനിച്ചു റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ തുടർച്ചയായ വർഷങ്ങളിൽ **25**-ൽ താഴെ വിദ്യാർത്ഥികൾ മാത്രമുള്ള **10** ബാച്ചുകൾ പത്തനംതിട്ട ജില്ലയിലും **211** ബാച്ചുകൾ ആലപ്പുഴ ജില്ലയിലും നിലനിൽക്കുന്നതായി അറിയിച്ചിരിക്കുന്നു.

**iii).** കോട്ടയം ആർഡിഡിയിൽ നിന്ന് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം കോട്ടയം ജില്ലയിൽ **2024-25** അധ്യയന വർഷം ഹയർ സെക്കണ്ടറി മേഖലയിൽ **2997** സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടെന്നും, ഇടുക്കി ജില്ലയിൽ **1671** സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടെന്നും ഹയർ സെക്കണ്ടറി മേഖലയിലെ സീറ്റുകൾ കൂടാതെ പോളിടെക്നിക്, വി.എച്ച്.എസ്.ഇ. ഐ.ടി.ഐ എന്നീ മേഖലകളിലും ടി കട്ടികൾക്ക് ഉപരി പഠനത്തിന് സീറ്റുകൾ ലഭ്യമാണെന്നും ഈ സാഹചര്യത്തിൽ കോട്ടയം, ഇടുക്കി ജില്ലകളിൽ **2025-26** അധ്യയന വർഷം ഹയർ സെക്കണ്ടറി മേഖലയിൽ പുതിയ സ്കൂളുകളോ അധിക ബാച്ചുകളോ അനുവദിക്കേണ്ട ആവശ്യമില്ല എന്നറിയിച്ചിട്ടുണ്ട്.

**iv).** എറണാകുളം മേഖലാ ഉപമേധാവിയുടെ അധ്യക്ഷതയിലുള്ള **2025-26** വർഷത്തെ റീജിയണൽ ലെവൽ കമ്മിറ്റി റിപ്പോർട്ട് പ്രകാരം **2025-26** വർഷത്തിൽ എറണാകുളം, തൃശൂർ ജില്ലകളിൽ പുതുതായി വിദ്യാലയങ്ങളോ അധിക ബാച്ചുകളോ അനുവദിക്കേണ്ടതില്ല എന്ന് അറിയിക്കുകയുണ്ടായി. കൂടാതെ എറണാകുളം ജില്ലയിൽ **25**-ൽ താഴെ മാത്രം വിദ്യാർഥികളുള്ള **16** ബാച്ചുകളും, തൃശൂർ ജില്ലയിൽ **25**-ൽ താഴെ മാത്രം വിദ്യാർഥികളുള്ള **4** ബാച്ചുകളും ഉള്ളതായി അറിയിച്ചിരിക്കുന്നു. കൂടാതെ എറണാകുളം, തൃശൂർ ജില്ലകളിലായി മുൻ വർഷത്തിൽ **6743** സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതായും അറിയിച്ചിരിക്കുന്നു.

**v).** മലപ്പുറം മേഖലാ ഉപമേധാവിയുടെ അധ്യക്ഷതയിലുള്ള **2025-26** വർഷത്തെ റീജിയണൽ ലെവൽ കമ്മിറ്റി റിപ്പോർട്ട് പ്രകാരം **2025-26** വർഷത്തിൽ മലപ്പുറം,പാലക്കാട് ജില്ലകളിൽ പുതുതായി വിദ്യാലയങ്ങളോ അധിക ബാച്ചുകളോ അനുവദിക്കേണ്ടതില്ല എന്ന് അറിയിക്കുകയുണ്ടായി. കൂടാതെ മലപ്പുറം, പാലക്കാട് ജില്ലകളിലായി **25**-ൽ താഴെ മാത്രം വിദ്യാർഥികളുള്ള **10** ബാച്ചുകൾ ഉള്ളതായി അറിയിച്ചിരിക്കുന്നു. കൂടാതെ മലപ്പുറം, പാലക്കാട് ജില്ലകളിലായി മുൻ വർഷത്തിൽ **3330** സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതായും അറിയിച്ചിരിക്കുന്നു.

**vi).** കോഴിക്കോട് മേഖലാ ഉപമേധാവിയുടെ അധ്യക്ഷതയിലുള്ള **2025-26** വർഷത്തെ റീജിയണൽ ലെവൽ കമ്മിറ്റി റിപ്പോർട്ട് പ്രകാരം സീറ്റ് വർദ്ധിപ്പിക്കുമ്പോൾ (മാർജിനൽ വർദ്ധനവ്) ക്ലാസ് റൂം സൗകര്യം കൂടി പരിഗണിക്കേണ്ടതാണ്. വടകര, കൊയിലാണ്ടി എന്നീ താലൂക്കുകളിലെ ഷോർട്ടേജ് പരിഗണിച്ച് മൂടാടി പഞ്ചായത്തിലെ ജി. എച്ച്.എസ് വൻമുഖം

ഹയർ സെക്കന്ററിയായി അപ് ഗ്രേഡ് ചെയ്യണമെന്ന് ഹെഡ്മാസ്റ്റർ ആവശ്യപ്പെട്ടിട്ടുണ്ട്.കോഴിക്കോട് ജില്ലയിലെ താലൂക്കടിസ്ഥാനത്തിലുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ ചില താലൂക്കുകളിൽ ആവശ്യമായ പ്ലസ് വൺ സീറ്റുകളിൽ നേരിയ കുറവും ചിലയിടങ്ങളിൽ അധികവുമാണെന്ന് കാണാവുന്നതാണ്. എന്നാൽ **3175** സീറ്റുകൾ ജില്ലയിൽ നിലവിൽ ഒഴിഞ്ഞു കിടക്കുകയാണ്. കോഴിക്കോട് ജില്ലയിൽ വി.എച്ച്.എസ്.ഇ യിൽ മാത്രം ഏകദേശം **2610** സീറ്റുകൾ ലഭ്യമാണ്.ആയതിനു പുറമെ പോളിടെക്നിക്, ഐ.ടി.ഐ എന്നിവകളിലും എസ്.എസ്.എൽ.സി വിജയിച്ചവർക്ക് ധാരാളം അവസരമുണ്ടെന്നതിനാൽ ജില്ലയിൽ നിലവിൽ പ്ലസ് വൺ-ന് പുതിയ സ്കൂളോ അധികബാച്ചോ താത്കാലിക ബാച്ചോ അനുവദിക്കേണ്ട അടിയന്തര സാഹചര്യമില്ല എന്നറിയിക്കുന്നു. വയനാട് ജില്ലയിൽ നിലവിൽ പ്ലസ് വൺ-ന് പുതിയ സ്കൂളോ അധിക ബാച്ചോ അനുവദിക്കേണ്ട അടിയന്തര സാഹചര്യമില്ല എന്നും ആർ.ഡി.ഡി അറിയിച്ചിട്ടുണ്ട്.

**vii).** കണ്ണൂർ മേഖലാ ഉപമേധാവിയുടെ അധ്യക്ഷതയിലുള്ള **2025-26** വർഷത്തെ റീജിയണൽ ലെവൽ കമ്മിറ്റി റിപ്പോർട്ട് പ്രകാരം കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിലവിൽ ഉപരിപഠനം തേടുന്ന കുട്ടികളുടെ എണ്ണത്തേക്കാൾ സീറ്റുകൾ കൂടുതലായതിനാൽ അധിക ബാച്ചുകളും, പുതുതായി വിദ്യാലയങ്ങളും അനുവദിക്കേണ്ടതില്ല എന്ന് അറിയിച്ചിട്ടുണ്ട്. **2024-25** വർഷത്തെ അഡ്മിഷൻ രേഖകൾ പ്രകാരം കണ്ണൂർ ജില്ലയിൽ **1419** സീറ്റുകളും, കാസർഗോഡ് ജില്ലയിൽ **1600** സീറ്റുകളും ഒഴിഞ്ഞു കിടക്കുന്നതായും അറിയിച്ചിരിക്കുന്നു.

**3. 7** മേഖലാതല റിപ്പോർട്ടുകളും പരിശോധിച്ചതിൽ നിന്നും വരും വർഷത്തിൽ പ്ലസ് വൺ പ്രവേശനത്തിന്റെ ഭാഗമായി അധിക ബാച്ചുകൾ നിലവിലെ സാഹചര്യത്തിൽ അനുവദിക്കേണ്ടതില്ല എന്ന് സംസ്ഥാനതല കമ്മിറ്റി പ്രാഥമികമായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. മേഖലാതല റിപ്പോർട്ടുകളിൽ സംസ്ഥാനത്തെ എല്ലാ ജില്ലയിലും **2024-25** വർഷത്തെ പ്ലസ് വൺ പ്രവേശനം പൂർത്തീകരിച്ചതിനു ശേഷവും താഴെ പറയും പ്രകാരമുള്ള സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതായി സൂചിപ്പിച്ചിരിക്കുന്നു.

| | Sanctione | Addl B | Margi nal In | Total Se | Admitte | Vacanc |
|---|---|---|---|---|---|---|

| District | d Seats | atch Se ats | crease Seats | ats | d | y |
|---|---|---|---|---|---|---|
| Thiruvananthapuram | 31225 | 11 | 6435 | 37671 | 32198 | 5473 |
| Kollam | 26572 | 50 | 4560 | 31182 | 26061 | 5121 |
| Pathanamthitta | 14691 | 11 | 0 | 14702 | 10624 | 4078 |
| Alappuzha | 22589 | 11 | 1720 | 24320 | 20840 | 3480 |
| Kottayam | 21958 | 6 | 25 | 21989 | 18913 | 3076 |
| Idukki | 11817 | 33 | 0 | 11850 | 10164 | 1686 |
| Ernakulam | 32539 | 11 | 5350 | 37900 | 32124 | 5776 |
| Thrissur | 32496 | 276 | 5560 | 38332 | 33010 | 5322 |
| Palakkad | 28167 | 933 | 6620 | 35720 | 32529 | 3191 |
| Kozhikkode | 33772 | 1560 | 7810 | 43142 | 39852 | 3290 |
| Malappuram | 53936 | 11400 | 12995 | 78331 | 70409 | 7922 |
| Wayanad | 8728 | 400 | 2210 | 11338 | 10492 | 846 |
| Kannur | 27767 | 983 | 7005 | 35755 | 32697 | 3058 |
| Kasargode | 14300 | 1780 | 3575 | 19655 | 16978 | 2677 |
| Total | 360557 | 17465 | 63865 | 441887 | 386891 | 54996 |

4. കൂടാതെ 2024-25 വർഷത്തിൽ തെക്കൻ ജില്ലകളിൽ ഒട്ടനവധി ബാച്ചുകളിൽ 25-ൽ താഴെ മാത്രമേ വിദ്യാർത്ഥികൾ പഠനം നടത്തുന്നുള്ളൂ എന്നും റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാകുന്നു. പ്രാദേശിക സമിതി റിപ്പോർട്ടുകൾ പരിശോധിച്ചതിൽ 2025-26 വർഷത്തിൽ അധിക പ്ലസ് വൺ സീറ്റ് അനുവദിക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല എന്ന് സംസ്ഥാനതല കമ്മിറ്റി അറിയിച്ചിട്ടുണ്ട്.

5. കൂടാതെ വരും വർഷത്തെ വിദ്യാഭ്യാസ ആവശ്യകത മുൻകൂട്ടി പരിശോധിക്കുന്നതിലെ അപ്രായോഗികതയും അറിയിച്ചിട്ടുണ്ട്. ഓരോ വർഷവും വിദ്യാർത്ഥികളുടെ പ്ലസ് വൺ പ്രവേശനത്തിലെ അഭിരുചി മാറാൻ സാധ്യതയുണ്ടെന്നും, ആയതു പ്രകാരം പത്താം തലത്തിലെ പരീക്ഷഫലത്തിന് ശേഷം പ്ലസ് വൺ പ്രവേശന അപേക്ഷ സ്വീകരിച്ചു ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചതിന് ശേഷം മാത്രമാണ് പ്രാദേശികമായി പ്ലസ് വൺ ബാച്ച് / സീറ്റ് ആവശ്യകത പൂർണ്ണ തോതിൽ കണക്കാക്കാൻ സാധിക്കുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്.അതിന്റെ അടിസ്ഥാനത്തിലുള്ള സംസ്ഥാനതല കമ്മിറ്റി ശുപാർശകൾ ചുവടെ

ചേർക്കുന്നു.

i). പ്രാദേശിക സമിതി റിപ്പോർട്ട് പ്രകാരം 2025-26 വർഷത്തിൽ പുതുതായി ഒരു ഹയർ സെക്കന്ററി ബാച്ചും അനുവദിക്കുന്നതിന് ശുപാർശ പ്രാഥമിക ഘട്ടത്തിൽ നൽകേണ്ടതില്ല.

ii). ഓരോ വർഷവും വിദ്യാർത്ഥികളുടെ അഭിരുചി മാറി വരുന്നതിനാൽ പത്താം തലത്തിലെ പരീക്ഷഫലത്തിന് ശേഷം പ്ലസ് വൺ പ്രവേശന അപേക്ഷ സ്വീകരിച്ചു ഒന്നാം ഘട്ട അലോട്മെന്റ് പ്രസിദ്ധീകരിച്ച് ബാച്ചുകളുടെ ആവശ്യകത തിട്ടപ്പെടുത്തിയ ശേഷം സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന, കുട്ടികൾ കുറവുള്ള ബാച്ചുകൾ പുനഃക്രമീകരിക്കാവുന്നതാണ്.

iii). ആയതിനു ശേഷവും സീറ്റുകൾ സംബന്ധിച്ച ആവശ്യകത നിലനിൽക്കുന്നെങ്കിൽ, ആ സന്ദർഭത്തിൽ സർക്കാർ തലത്തിൽ നയപരമായ തീരുമാനമെടുക്കാവുന്നതാണ്.

6. പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാന തല സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക ആവശ്യകത കണക്കിലെടുത്ത് സ്കൂൾ മാനേജ്മെന്റുകളിൽ നിന്നും അധികബാച്ചുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ആവശ്യമുള്ള പക്ഷം ക്ഷണിക്കേണ്ടതുണ്ട്. എന്നാൽ പ്രാദേശിക സമിതികൾ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം സംസ്ഥാന തല സമിതി, 2025-26 വർഷത്തിൽ പുതുതായി ഒരു ഹയർ സെക്കന്ററി ബാച്ചും അനുവദിക്കുന്നതിന് ശുപാർശ പ്രാഥമിക ഘട്ടത്തിൽ നൽകേണ്ടതില്ല എന്ന് ശുപാർശ ചെയ്തിരിക്കുന്നതിനാൽ നിലവിൽ ബാച്ചുകൾ അനുവദിക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കേണ്ട ആവശ്യകതയില്ലെന്ന് കാണുന്നു.

7. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-26 അക്കാദമിക വർഷത്തിൽ പ്ലസ് വൺ അധിക ബാച്ച് അനുവദിക്കുന്നത് സംബന്ധിച്ചുള്ള സംസ്ഥാനതല സമിതിയുടെ റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിച്ച് കൊണ്ട് 2025-26 വർഷത്തിൽ പുതുതായി ഒരു ഹയർ സെക്കന്ററി ബാച്ചും പ്രാഥമിക ഘട്ടത്തിൽ അനുവദിക്കേണ്ടതില്ല എന്നും പത്താം തലത്തിലെ പരീക്ഷഫലത്തിന് ശേഷം പ്ലസ് വൺ പ്രവേശന അപേക്ഷ സ്വീകരിച്ചു ഒന്നാം ഘട്ട അലോട്മെന്റ് പ്രസിദ്ധീകരിച്ച് ബാച്ചുകളുടെ ആവശ്യകത തിട്ടപ്പെടുത്തിയ ശേഷം സീറ്റുകൾ ഒഴിഞ്ഞു

കിടക്കുന്ന, കുട്ടികൾ കുറവുള്ള ബാച്ചുകൾ പുനഃക്രമീകരിക്കുന്നതാണെന്നും അതിനു ശേഷവും സീറ്റുകൾ സംബന്ധിച്ച ആവശ്യകത നിലനിൽക്കുന്നെങ്കിൽ, ആ സന്ദർഭത്തിൽ ഇക്കാര്യം പരിശോധിക്കുന്നതാണെന്നും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം(ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, തിരുവനന്തപുരം.

എല്ലാ ഹയർ സെക്കൻഡറി മേഖല ഉപമേധാവികൾക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
N K Sheena
സെക്ഷൻ ഓഫീസർ
Date: 25-03-2025 14:51:13